**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1992** **29-07-2021 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങളുടെ വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. രാജ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ നിന്നുള്ള കാർഷിക വായ്പ തോത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ബാങ്കുകളിൽ നിന്നും (പൊതുമേഖലാ ബാങ്കുകൾ ഉൾപ്പെടെ) വിതരണം നടത്തുന്ന കാർഷിക വായ്പകളുടെ തോത് (Scale of Finance) നിശ്ചയിക്കുന്നത് ഇതിനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാന ത്തിലാണ് കാലാകാലങ്ങളിൽ നബാർഡിന്റെയും, സർക്കാരിന്റെയും മറ്റും നിർദ്ദേശാനുസരണം വായ്പാതോതിന് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നുമുണ്ട്. |
| (ബി) | കാർഷികോല്പാദന രംഗത്തെന്നപോലെ മൂല്യവർദ്ധിതോല്പന്നങ്ങളുടെ പ്രോത്സാഹനത്തിനും വിപണി ശാക്തീകരണത്തിനും വേണ്ട മൂലധനം ലഭ്യമാക്കാൻ കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഫോർ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഇൻ കേരള എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഫോർ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഇൻ കേരള എന്ന പദ്ധതി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവിഷ്കരിച്ചിട്ടുണ്ട്. കാർഷിക മേഖലയുടെ വികസന പ്രക്രിയയിലെ പ്രധാന തടസ്സം മൂലധന രൂപീകരണത്തിന്റെ അഭാവമാണെന്നും മെച്ചപ്പെട്ട നിക്ഷേപ വായ്പാ സംവിധാനം ഒരുക്കിയാൽ സ്വകാര്യ മൂലധന രൂപീകരണം വർദ്ധിപ്പിച്ച് പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ എന്നിവയും പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം മുതലായ പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങളും സൃഷ്ടിക്കുന്നതിന് സാധ്യമാകും. ഇതിലൂടെ പഴം പച്ചക്കറി മാർക്കറ്റുകൾ, ആധുനിക മത്സ്യ വിപണന സൗകര്യങ്ങൾ, കാർഷിക ഉൽപ്പന്നങ്ങളായ പച്ചക്കറികൾ, പാൽ, മാംസം. മത്സ്യം എന്നിവയുടെ സംസ്കരണ കേന്ദ്രങ്ങൾ, മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിലെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | (PACS) നാല് ശതമാനം പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർ വായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കി 2021-22 സാമ്പത്തിക വർഷത്തിൽ 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയാണ് ഉദ്ദേശം. |
| (സി) | കാർഷികോല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന് വിപണന സഹകരണ സംഘങ്ങൾ ഏതൊക്കെ രീതിയിൽ ഇടപെടുന്നുണ്ടെന്ന് അറിയിക്കാമോ? | (സി) | വിവിധ കാർഷിക ഉത്പന്നങ്ങളുടെ വിപണന, അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്താൻ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നു. 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക വിപണന മേഖലയെ ശക്തിപ്പെടുന്നതിനായി സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ധനസഹായമായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷികോല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന ചില സംഘങ്ങൾ സീസണൽ ഉൽപ്പന്നങ്ങളായ കാപ്പി, കുരുമുളക്, ഏലം എന്നീ മലഞ്ചരക്ക് ഉൽപ്പന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് സൂക്ഷിച്ചു കൊണ്ട് മൂല്യവർദ്ധിതമാക്കിയും അല്ലാതെയും വിപണിയിൽ എത്തിച്ച് വിൽപ്പന നടത്തുന്നുണ്ട്. വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നതിനായി പച്ചതേങ്ങയും കൊപ്രയും കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്നുണ്ട്. പച്ചക്കറി തുടങ്ങി കർഷകരുടെ ഉൽപ്പന്നങ്ങൾ, ഇടനിലക്കാരെ ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് കർഷകർ തന്നെ വില്പന നടത്തുന്നതിനായി കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് നാട്ടുചന്ത സംവിധാനം ഒരുക്കിയിട്ടുണ്ട്. കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് & വെജിറ്റബിൾസ് എന്ന പേരിൽ കേരള ത്തിലെ 16 ഇനം കാർഷിക വിളകൾക്ക് അടിസ്ഥാനവില നിശ്ചയിച്ചു കൊണ്ടും പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചു കൊണ്ടുമുള്ള കൃഷിവകുപ്പിന്റെ 26.10.2020 ലെ G.O. (Ms)No.80/2020/Agri നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ 72/2020 സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന സംസ്ഥാന വ്യാപകമായി Co-op Mart-Veg Fresh എന്ന പേരിൽ കാർഷികോൽപന്ന സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ട് പച്ചക്കറികൾ പ്രാദേശിക കർഷകരിൽ നിന്നും ശേഖരിച്ച് വിപണനം ചെയ്യുന്നു. കേരളത്തിലെ സഹകരണ മേഖലയിലെ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ coopkerala എന്ന ഏകീകൃത |

| | | | |
|---|---|---|---|
| | | | സഹകരണ ബ്രാൻഡിലൂടെ വിപണിയിൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ "ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിക്കുകയും, ടി പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ 14 സഹകരണ ഉൽപന്ന വിപണനശാലകളായ coopmartകൾ ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ